വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ

34 (4616) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ സർക്കാർ 2011 മുതൽ 2015 വരെ എത്ര നടപടികൾ സ്വീകരിച്ചു ; ഇതിനായി പ്രസ്തുത കാലയളവിൽ ഓരോ വർഷവും ചെലവായ തുക എത്ര ; നാളിതുവരെ ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്താത്ത ജലവൈദ്യുത പദ്ധതികൾ ഏതെല്ലാം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ശബരിഗിരി ജനറേറ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനം എത്ര ദിവസം തടസ്സപ്പെട്ടുയെന്നും അതിന്റെ കാരണം എന്ത് എന്നും ആയതു പ്രവർത്തനക്ഷമമാക്കാൻ എത്ര നടപടികൾ സ്വീകരിച്ചു എന്നും, ഇതിനായി എത്ര തുക ചെലവാക്കിയെന്നും ഇതിന്റെ ഭാഗമായി ശബരിഗിരി, കക്കാട് വൈദ്യുതി പദ്ധതികളിലെ ഉൽപ്പാദനത്തിൽ എത്ര മെഗാവാട്ട് കുറവുണ്ടായി എന്നും വ്യക്തമാക്കുമോ ;

(സി) താൽച്ചർ, രാമഗുണ്ടം,കുടംകുളം ജനറേറ്റുകളിൽ നിന്നും 2011 മുതൽ 2015 വരെ സംസ്ഥാനത്തിനു ലഭിക്കേണ്ട വൈദ്യുതിവിഹിതം എത്ര ; എത്ര ലഭിച്ചു ; എത്ര കുറവുണ്ടായി ; കുറവു പരിഹരിക്കാൻ എത്ര നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനായി 2011 മുതൽ 2015 വരെ എത്ര മെഗാവാട്ട് വൈദ്യുതി ഏതെല്ലാം വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങി എന്നും എത്ര തുക നിരക്കിൽ എന്നും ഇതിനായി എത്ര തുക ചെലവായി എന്നും ആരിൽ നിന്നെല്ലാം വൈദ്യുതി വാങ്ങി എന്നും വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതി ഉല്പാദനത്തിനായി ഈ സർക്കാർ 2011-15 കാലയളവിൽ അനുമതി നൽകിയ ജലവൈദ്യുത, സോളാർ, കാറ്റിൽ നിന്നുള്ള വൈദ്യുതി പദ്ധതികൾ എന്തെല്ലാം ; ഇവയിൽ ഏതെല്ലാം പ്രവർത്തനം തുടങ്ങി ; ബാക്കിയുള്ളവയുടെ പ്രവർത്തനം എപ്പോൾ തുടങ്ങാനാവും വ്യക്തമാക്കുമോ ;

(എഫ്) ഇവയുടെ പ്രവർത്തന ചെലവിനായി എത്ര തുക പ്രസ്തുത കാലയളവിൽ കേന്ദ്ര സഹായമായി ലഭിച്ചു ; എത്ര ചെലവാക്കി ; സംസ്ഥാന സഹായം എത്രയാണ് ; ഇവയുടെ പ്രവർത്തനത്തിനായി എത്ര ചെലവായി ; വ്യക്തമാക്കുമോ ;

(ജി) ബ്രഹ്മപുരത്തെ ഡീസൽ വൈദ്യുതിനിലയത്തിലെ ഡീസൽ എഞ്ചിൻ ജനറേറ്റർ കേടായത് എന്ന് ; ഇത് പരിഹരിക്കാനായി വാതകാധിഷ്ഠിത ജനറേറ്റർ സ്ഥാപിക്കുന്ന പ്രവർത്തനം ഇപ്പോൾ എത്ര ഘട്ടത്തിലാണ് ; ചെലവായ തുക എത്ര ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം 35 വർഷത്തിലേറെ പഴക്കമുള്ള നിലയങ്ങളിലെ യന്ത്രോപകരണങ്ങളുടെ ശിഷ്ടായുസ്സ് നിർണ്ണയ പഠനം (RLA Study) നടത്തി അതിന്റെ അടിസ്ഥാനത്തിൽ നവീകരണവും ഉല്പാദനശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 2011-15 കാലയളവിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്:

1. പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കപ്പാസിറ്റി 32 മെഗാവാട്ടിൽ നിന്നും 36 മെഗാവാട്ടായി ഉയർത്തി. പെൻസ്റ്റോക്ക് പൈപ്പുകളുടെ ബലപ്പെടുത്തലും മറ്റ് അനുബന്ധ ജോലികളും പുരോഗമിക്കുന്നു.

2. ഷോളയാർ ജലവൈദ്യുത പദ്ധതിയുടെ നവീകരണത്തിനായി FEPL-FUYUAN കൺസോർഷ്യവുമായി 6-7-2015-ൽ 61.51 കോടി രൂപയുടെ കരാർ ഒപ്പുവച്ചു.

3. ഇടുക്കി ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായി 31-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി ബോർഡ് നല്കുകയും അതനുസരിച്ച് 26-5-2014-ൽ ടെൻഡർ ക്ഷണിക്കുകയുമുണ്ടായി. ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

4. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

കൂടാതെ ജലവൈദ്യുത പദ്ധതികളുടെ അറ്റകുറ്റപ്പണികൾ (Scheduled Maintenance-വാർഷിക അറ്റകുറ്റപ്പണികളും മാസത്തിൽ ചെയ്യേണ്ട അറ്റകുറ്റപ്പണികളും) കൃത്യമായി നിർവ്വഹിച്ചുവരുന്നുണ്ട്. ഈ കാലയളവിൽ താഴെപ്പറയുന്ന ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്:

1. ഇടുക്കി ജലവൈദ്യുത പദ്ധതിയിലെ എയർ കണ്ടീഷനിംഗ് ആന്റ് വെന്റിലേഷൻ സിസ്റ്റം, സ്വിച്ച് യാർഡ് ബസ് ബാർ പ്രൊട്ടക്ഷൻ സിസ്റ്റം തുടങ്ങിയവയുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്.

2. ശബരിഗിരി ജലവൈദ്യുത പദ്ധതിയിലെ 16-5-2008-ലെ അപകടത്തിൽ പൂർണ്ണമായും തകർന്ന നാലാം നമ്പർ ജനറേറ്ററിന്റെ പുനർനിർമ്മാണം പൂർത്തിയാക്കി കപ്പാസിറ്റി 55 മെഗാവാട്ടിൽ നിന്നും 60 മെഗാവാട്ടായി വർദ്ധിപ്പിച്ചിട്ടുണ്ട്. രണ്ടാം നമ്പർ പെൻസ്റ്റോക്കിന്റെ ബട്ടർഫ്ലൈ വാൽവ് മാറ്റി സ്ഥാപിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കല്ലട ജലവൈദ്യുത പദ്ധതിയുടെ രണ്ടാം നമ്പർ ജനറേറ്റർ റീ-വയറിംഗ് ചെയ്യുകയും രണ്ട് ജനറേറ്ററുകൾക്കും പുതിയ എക്സൈറ്റേഷൻ സിസ്റ്റം സ്ഥാപിക്കുകയും ചെയ്തു.

4. ഇടമലയാർ പദ്ധതിയുടെ പഴയ എക്സൈറ്റേഷൻ സിസ്റ്റം, മെക്കാനിക്കൽ ഗവർണർ സിസ്റ്റം എന്നിവ മാറ്റി സ്റ്റാറ്റിക് എക്സൈറ്റേഷൻ സിസ്റ്റവും ഇലക്ട്രോണിക് ഗവർണർ സിസ്റ്റവും സ്ഥാപിച്ചു.

ഇതിനായി പ്രസ്തുത കാലയളവിൽ ചെലവായ തുക ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	ചെലവായ തുക
2011-12	47,46,13,146
2012-13	41,03,69,494
2013-14	81,42,41,859
2014-15	46,69,59,947
ആകെ	2,16,61,84,446

കമ്മിഷൻ ചെയ്ത എല്ലാ ജലവൈദ്യുത പദ്ധതികളും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) 35 ദിവസത്തേയ്ക്ക് തടസ്സപ്പെട്ടു. ഇതിൽ 32 ദിവസം രണ്ടാം നമ്പർ പെൻസ്റ്റോക്കിന്റെ ബട്ടർഫ്ലൈ വാൽവ് മാറ്റിസ്ഥാപിക്കുന്നതിനും മൂന്ന് ദിവസം മാറ്റിവച്ച ബട്ടർഫ്ലൈ വാൽവിന്റെ ഫ്ളോ മീറ്ററിലുണ്ടായ ചോർച്ച പരിഹരിക്കുന്നതിനുമാണ് വേണ്ടിവന്നത്.

പുതിയ ബട്ടർഫ്ലൈ വാൽവ് വാങ്ങുന്നതിനും അത് സ്ഥാപിക്കുന്നതിനുമായി 2.28 കോടി രൂപ ചെലവായി. ഫ്ളോ മീറ്ററിലുണ്ടായ ചോർച്ച ബട്ടർഫ്ലൈ വാൽവിന്റെ ഗ്യാരണ്ടി പിരിയഡിലായതിനാൽ കമ്പനി അവരുടെ ചെലവിൽ പരിഹരിച്ചു.

പ്രസ്തുത ജോലികൾക്കായി ശബരിഗിരിയിലെയും കക്കാടിലെയും ജനറേറ്ററുകളുടെ പ്രവർത്തനം പൂർണ്ണമായി നിർത്തിവയ്ക്കേണ്ടിവന്നതിനാൽ ഈ കാലയളവിൽ വൈദ്യുതി ഉല്പാദനത്തിൽ ദിനംപ്രതി 390 മെഗാവാട്ടിന്റെ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.

860/2017

LIBRARY ARCHIVES Kerala Legislative Assembly

(സി) താൽച്ചർ, രാമഗുണ്ടം, ഇടംകളം ജനറേറ്ററുകളിൽ നിന്നും 2011 മുതൽ 2015 വരെ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.

(ഡി) അനുബന്ധം (II) ആയി ചേർക്കുന്നു*

(ഇ) 2011-15 കാലയളവിൽ സർക്കാർ അനുമതി നൽകിയ ജലവൈദ്യുത പദ്ധതികൾ താഴെപ്പറയുന്നു:

ക്രമ നമ്പർ	പദ്ധതി	മെഗാവാട്ട്
1	ചിന്നാർ	24
2	പിച്ചാട്	3
3	മാർമല	7
4	മരിപ്പുഴ	6
5	ഇലിക്കൽ	4.5
6	പൂവാരംതോട്	2.7
7	ചെമ്പുകടവ് III	7.5
8	അപ്പർ ചെങ്കുളം സ്റ്റേജ് I	24
9	വാലന്തോട്	7.5
10	അപ്പർ കല്ലാർ	2

ഇവയുടെ പ്രവർത്തനം തുടങ്ങിയിട്ടില്ല. മേൽപ്പറഞ്ഞ പദ്ധതികളുടെ ലാന്റ് അക്വിസിഷൻ പൂർത്തിയാക്കിയശേഷമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. 8 കോടി രൂപ ചെലവിൽ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് സ്ഥാപിക്കുന്ന 1 MW ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി. ഇതിന്റെ പൂർത്തീകരണം ജൂലൈ 2015-ന് ശേഷം. പദ്ധതി ചെലവ് 50% കേരള സർക്കാരും 50% കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമാണ് വഹിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പാലക്കാട് അഗളി-ചാലയൂർ ടൈബൽ കോളനിയിൽ 96 KWP ശേഷിയുള്ള 110 ലക്ഷം രൂപയുടെ സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ആറ് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കും. മുഴുവൻ തുകയും കേരള സർക്കാരിന്റെ ഇന്നവേഷൻ ഫണ്ടിൽ നിന്നും വകയിരുത്തിയിരിക്കുന്നു.

3. തൃശ്ശൂർ ജില്ലയിലെ പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയുടെ പവർഹൗസിംഗ് മേൽക്കൂരയ്ക്ക് മുകളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 50 KWP-ന്റെ 60 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതി ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കും. മുഴുവൻ തുകയും ഇന്നവേഷൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

4. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉല്പാദന പ്രസരണ വിതരണ മേഖലയിലെ കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി സ്ഥാപിക്കാനുദ്ദേശിക്കുന്ന 2.07 MWP-ന്റെ പദ്ധതിക്ക് 19.33 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 700 KWP ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് ഉല്പാദന മേഖലയിലെ പതിനേഴ് കെട്ടിടങ്ങളുടെ മേൽക്കൂരയിലാണ് സ്ഥാപിക്കുന്നത്. ഇത് ഉടനടി പൂർത്തീകരിക്കും. ശേഷിക്കുന്ന പ്രസരണ-വിതരണ മേഖലയിലെ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്ലാന്റിന്റെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ഇന്നവേഷൻ ഫണ്ടിൽ നിന്നും കേരള സർക്കാർ ലഭ്യമാക്കിയ 93 ലക്ഷം രൂപയും ബാക്കി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഫണ്ടിൽ നിന്നുമാണ്.

5. പാലക്കാട് ജില്ലയിലെ 15 കോളനികൾ 531.83 ലക്ഷം രൂപ ചെലവിൽ 131.5 കിലോ വാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി RGGVY പദ്ധതിപ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ അഞ്ച് കോളനികളിലുള്ള പദ്ധതി നിർവ്വഹണം ഡിസംബർ 2015- ഓടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് പത്ത് കോളനി കളിലേക്കുള്ള പുനർദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്രസർക്കാരിന്റെ REC ഫണ്ടുപയോഗിച്ചാണ് പദ്ധതി നിർവ്വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

6. വയനാട് ജില്ലയിലെ കമ്പമല തേയില എസ്റ്റേറ്റിൽ 40 KWP സ്ഥാപിതശേഷിയുള്ള 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും സാംഗ്ഷൻ ലഭിക്കാത്തതിനാൽ മുടങ്ങിക്കി ടക്കുകയാണ്. കേരള സർക്കാരിന്റെ ഇന്നവേഷൻ ഫണ്ടിൽ നിന്നാണ് ഇതിനായുള്ളയുക വകയിരുത്തി യിരിക്കുന്നത്.

7. വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിന്റെ നടപ്പാതയിൽ മേൽക്കൂര നിർമ്മിച്ച് അതിൽ ഒരു മെഗാവാട്ട് സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ ആദ്യഘട്ടത്തിൽ നടപ്പാക്കുന്ന 400 കിലോവാട്ട് പദ്ധതിക്ക് 4.32 കോടി രൂപ ചെലവുവരും. ഇതിന്റെ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. കേരള സർക്കാരിന്റെ ഇന്നവേഷൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നു.

8. കണ്ണൂർ ജില്ലയിലെ ബാരാപ്പോൾ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ കനാലിന് മുകളിൽ സ്ഥാപിക്കുന്ന 2 MWP പദ്ധതിക്ക് 28.69 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 6 കോടി രൂപ MNRE-ൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

9. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കെട്ടിടത്തിനു മുകളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 134.5 കിലോവാട്ടിന്റെ പദ്ധതിക്കായുള്ള പുനർദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായി കേരള സർക്കാരിന്റെ ഇന്നവേഷൻ ഫണ്ടിൽ നിന്നും 1.0073 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

10. ബാണാസുര സാഗർ റിസർവോയറിൽ 500 KWP സ്ഥാപിത ശേഷിയുള്ള 7 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ ടെണ്ടർനടപടികൾ അന്തിമഘട്ടത്തിലാണ്. കേരള സർക്കാരിന്റെ ഇന്നവേഷൻ ഫണ്ടുപയോഗിച്ചാണ് പദ്ധതി നടത്തിയിരിക്കുന്നത്.

11. കാസർഗോഡ് ജില്ലയിൽ 200 MWP സ്ഥാപിതശേഷിയുള്ള സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ SECI-യുമായി സഹകരിച്ചുകൊണ്ടുള്ളപദ്ധതി. ഇതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

12. തിരുവനന്തപുരം വൈദ്യുതിഭവന്റെ മേൽക്കൂരയിൽ 30 KWP സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് 0.4 കോടി രൂപ ചെലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കാറ്റിൽ നിന്നുള്ള വൈദ്യുതി പദ്ധതികൾക്ക് മരണാനന്തരമതി നൽകിയിട്ടില്ല

(എഫ്) മേല്പറഞ്ഞ പത്ത് ജലവൈദ്യുത പദ്ധതികൾക്കും കേന്ദ്രസഹായം പ്രസ്തുത കാലയളവിൽ ലഭിച്ചിട്ടില്ല.

എന്നാൽ 2011-15 കാലയളവിൽ 885 ലക്ഷം രൂപ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി MNRE (Ministry of New and Renewable Energy)യുടെ ധനസഹായം ലഭിച്ചു. ഇക്കാലയളവിൽ 40 ലക്ഷം രൂപ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ Detailed Project Report (DPR) തയ്യാറാക്കുന്നതിനും MNRE-യുടെ ധനസഹായം ലഭിച്ചിട്ടുണ്ട്.

(ജി) ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിലെ രണ്ടാം നമ്പർ ജനറേറ്റർ 21-4-2012-ലും മൂന്നാം നമ്പർ ജനറേറ്റർ 8-11-2011 -ലും കേടായി.

കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്കുപകരം വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടെൻഡർ വിളിച്ച് M/s. Wartsila എന്ന കമ്പനിക്ക് ലെറ്റർ ഓഫ് അവാർഡ് 3-6-2015-ൽ നൽകിയിട്ടുണ്ട്. സമ്മതപത്രം ഉടൻതന്നെ കോൺട്രാക്ടിംഗ് കമ്പനിയുമായി ഒപ്പുവയ്ക്കുന്നതാണ്.

മേല്പറഞ്ഞ പ്രവൃത്തിക്ക് ഇതുവരെ തുക വിനിയോഗിച്ചിട്ടില്ല.

വൈദ്യുതി വിതരണ കേന്ദ്രങ്ങളിലെ കേടുപാടുകൾ/പൊട്ടിത്തെറികൾ ഒഴിവാക്കൽ

35 (4617) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ കേന്ദ്രങ്ങളിൽ കേടുപാടുകൾ, പൊട്ടിത്തെറികൾ എന്നിവ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ കേടുപാടുകൾ പൊട്ടിത്തെറികൾ എന്നിവ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) വൈദ്യുതി വിതരണ കേന്ദ്രങ്ങളിൽ കേടുപാടുകൾ, പൊട്ടിത്തെറികൾ എന്നിവ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly